# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4990 — 04.07.2012-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. വി.ശിവൻകുട്ടി

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### 2011-12-ൽ നേമം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ

| | | |
|---|---|---|
| (എ) | 2011-12-ൽ ധനകാര്യമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിൽ നേമം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി എത്ര തുകയാണ് വകയിരുത്തിയത്; | 2011-12-ൽ ധനകാര്യമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിൽ നേമം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ആദ്യ ബഡ്ജറ്റിൽ 17,78,000/- (പതിനേഴു ലക്ഷത്തി എഴുപത്തി എട്ടായിരം രൂപ) വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത വർഷം ആകെ 1,64,26,391/- രൂപ രണ്ട് പ്രവൃത്തികൾക്കായി ചെലവഴിച്ചു. |
| (ബി) | ഏതൊക്കെ പ്രവൃത്തികളാണ് പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കപ്പെട്ടത്; | ആറ്റുകാൽ ക്ഷേത്രത്തിലേക്ക് പ്രവേശിക്കുന്നതിന് കിള്ളി നദിക്ക് കുറുകെയുള്ള പാലത്തിൻെറ നിർമ്മാണം, തൃക്കണ്ണാപുരം-പൂഴിക്കുന്ന് റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പിലാക്കുകയും ഐരാണിമുട്ടം അലോപ്പതി ആശുപത്രി കെട്ടിടത്തിൻെറ ഒരു നില പൂർത്തിയാക്കുകയും ചെയ്തു. |

<table>
<tr>
<td>(സി)</td>
<td>ധനകാര്യ വകുപ്പ് പൊതുമരാമത്ത് പ്രവൃത്തികൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ നേമം മണ്ഡലത്തിലേക്ക് വകയിരുത്തിയ തുകയിൽ ചെലവഴിക്കപ്പെട്ടത് എത്ര തുകയാണ്; ചെലവഴിക്കപ്പെടാത്തത് എത്ര തുകയാണ്; വിശദമാക്കാമോ?</td>
<td>2011-12-ലെ ബജറ്റിൽ വകയിരുത്തിയ നേമം മണ്ഡലത്തിലെ ആറുപ്രവൃത്തികളിൽ രണ്ടുപ്രവൃത്തികളുടെ തുക പൂർണ്ണമായും ചിലവഴിക്കുക മാത്രമല്ല 1,58,26,391/-രൂപ അധികമായി ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു നാലുപ്രവൃത്തികൾക്കായി അനുവദിച്ച 11,78,000/- രൂപ ചിലവാക്കിയിട്ടില്ല. അവയുടെ വിശദാംശം താഴെപറയുംപ്രകാരമാണ്.
<table>
<tr><th>ക്രമ നം.</th><th>പ്രവൃത്തിയുടെ പേര്</th><th>ബജറ്റ് വിഹിതം</th></tr>
<tr><td>1</td><td>കൈമനം വനിത പോളിടെക്നിക് നിർമ്മാണം</td><td>78,000</td></tr>
<tr><td>2</td><td>കിള്ളി നദിക്ക് കുറുകെയുള്ള കല്ലടിമുഖം പാലത്തിന്റെ നിർമ്മാണം</td><td>5,00,000</td></tr>
<tr><td>3</td><td>കരമന നദിക്ക് കുറുകെയുള്ള പല്ലൃത്ത് കടവ് പാലത്തിന്റെ നിർമ്മാണം</td><td>5,00,000</td></tr>
<tr><td>4</td><td>വിജയമോഹിനി മിൽ - പുന്നയ്ക്കമുഗൾ-മുടവൻമുഗൾ റോഡ് മെച്ചപ്പെടുത്തൽ</td><td>1,00,000</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ